**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3800</u>** **<u>27-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>അമിത ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്ക് സർവ്വീസ് ചാർജ്ജുകൾ ഏകീകരിച്ച് നൽകിയിട്ടുണ്ടെങ്കിലും ചില കേന്ദ്രങ്ങളിൽ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഗുരുതരമായ പോരായ്മകളോ ക്രമക്കേടുകളോ കണ്ടെത്തുന്ന പക്ഷം 30.10.2019ലെ സ.ഉ(കൈ) നം. 24/2019 വി.സാ.വ സർക്കാർ ഉത്തരവ് പ്രകാരം ചുവടെ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളാണ് നിലവിലുള്ളത്. 1.) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സർവ്വീസ് ചാർജ്ജുകൾ പ്രസ്താവിക്കുന്ന റേറ്റ് ചാർട്ട് പൊതുജനങ്ങൾക്ക് വ്യക്തമായി കാണാവുന്ന തരത്തിൽ അക്ഷയകേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ 5,000/- രൂപ പിഴ ഈടാക്കുന്നതാണ്. 2.) സേവനങ്ങൾക്ക് അധിക ചാർജ്ജ് ഈടാക്കിയെന്ന് കണ്ടെത്തിയാൽ 5000/- രൂപ പിഴ ഈടാക്കുന്നതാണ്. 3.) പൊതുജനങ്ങളോട് മോശമായി പെരുമാറുക / തെറ്റായ വിവരം നൽകുക, ഉപഭോക്താക്കളിൽ നിന്നും അധിക തുക സേവനദാതാവിന് ഈടാക്കി നൽകുക എന്നിവയ്ക്ക് 1000/- രൂപ പിഴ ഈടാക്കുകയും സർവ്വീസ് ചാർജ്ജും അധിക തുക സേവനദാതാവിന് ഈടാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതും ഉപഭോക്താവിന് തിരികെ ലഭ്യമാക്കുന്നതുമാണ്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം അധികം ഫീസ് ഈടാക്കിയതിന് കോഴിക്കോട് ജില്ലയിൽ എത്ര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഇപ്രകാരം നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | അക്ഷയ കേന്ദ്രങ്ങളിൽ അമിത ഫീസ് ഈടാക്കിയാൽ പൊതുജനം ആർക്കാണ് പരാതി നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ? | (സി) | അക്ഷയയുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിനും ജില്ലാകളക്ടർക്കും അക്ഷയ സംസ്ഥാന / ജില്ലാ ഓഫീസുകളിലും നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ